# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 515** **10.03.2015-ലെ മറുപടിക്ക്**

## വർഷാവസാന ചെലവുകൾക്ക് വേണ്ടിവരുന്ന തുക

**ചോദ്യം** **ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | നടപ്പുസാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഗവൺമെന്റിനുണ്ടാകുന്ന വർഷാവസാന ചെലവുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത് ; | നടപ്പു സാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഏതാണ്ട് 10,000/- കോടി രൂപ ചെലവിനത്തിൽ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ബി) | ഇത്രയും തുക സ്വരൂപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; | സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദങ്ങളിൽ നികുതി നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിക്കാതിരുന്ന പശ്ചാത്തലത്തിൽ 19.09.2014 ലെ സ.ഉ. (പി) നം. 399/2014/ധന, സ.ഉ. (പി) നം. 400/2014/ധന, 10.11.2014 ലെ സ.ഉ (പി) നം 482/2014/ധന, 23.09.2014 ലെ സ.ഉ. (പി) നം. 409/2014/ധന ഉത്തരവുകൾ പ്രകാരം നികുതി സമാഹരണം കാര്യക്ഷമമാക്കുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ മൂലം അവസാന പാദത്തിൽ റവന്യൂ വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>സ്ഥിരം നികുതി-നികുതിയേതര വരുമാന സ്രോതസ്സുകൾക്ക് പുറമെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം, ദേശീയ സമ്പാദ്യ പദ്ധതി എന്നീ ഇനങ്ങളിലായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുകയും വിവിധ വികസന പ്രവർത്തനങ്ങൾക്കായി പൊതു വിപണിയിൽ നിന്നും കടമെടുക്കാൻ അനുവദിച്ചിട്ടുള്ളതിൽ അവശേഷിക്കുന്ന തുകയും ലഭ്യമാകുമ്പോൾ ഓവർ ഡ്രാഫ്റ്റിലേയ്ക്ക് പോകാതെ തന്നെ വർഷാന്ത്യ ചെലവുകൾക്കുള്ള തുക കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഓവർ ഡ്രാഫ്റ്റ് ആകാതിരിക്കുവാൻ കൈക്കൊണ്ട മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ